Sunday
Vol. 12 No. 37 CYCLE - A
വെർബും ദോമിനി
VERBUM DOMINI
ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ
2023 ആഗസ്റ്റ് 13

## ആണ്ടുവട്ടത്തിലെ പത്തൊമ്പതാം ഞായർ

# ദൈവം നമ്മെ സംരക്ഷിക്കട്ടെ

ഫാ. പീറ്റർ ടാജീഷ് O de M



**ഹൃ**ദയലാളിത്യമാണ് ക്രിസ്തു ശിഷ്യർ എന്ന നിലയിൽ ഇനിയും നാം പഠിക്കാനുള്ളത്. എളിമയുള്ള ഒരു ഹൃദയം സുവിശേഷം ഭംഗിയായി പ്രഘോഷിക്കുന്നുണ്ട്. എളിമ നഷ്ടപ്പെടുമ്പോളാകട്ടെ സുവിശേഷം സാവധാനം നമ്മിൽ നിന്നും മായുകയും ചെയുന്നു.

കടലിനുമീതെ നടന്നവൻ തന്റെ ശിഷ്യരെ അപകടത്തിൽ നിന്നും രക്ഷിക്കാനാണ് അവരുടെ അരികിലേയ്ക്ക് എത്തുന്നത്. എന്നാൽ കടലിനുമീതെ നടക്കാൻ ശ്രമിക്കുന്ന പത്രോസാകട്ടെ എന്തൊക്കെയോ തെളിയിക്കാനുള്ള തത്രപാടിലും. അതു തന്നെയാണ് അവർ തമ്മിലുള്ള വ്യത്യാസവും. താൻ എന്തൊക്കെയോ ആണെന്ന ചിന്തയും, അത് തെളിയിക്കാനുള്ള ശ്രമവുമാണ് ഒരു ക്രിസ്തുശിഷ്യന്റെ വഴികളിലെ സൗന്ദര്യം നഷ്ടമാക്കുന്നത്. പിന്നീട് അങ്ങോട്ട് അവന്റെ ജീവിതം സമരമായി മാറും. അതിൽ കലാപത്തിന്റെ സ്വരം മുഴങ്ങും, വെല്ലുവിളികളും, പോർഭേരികളുമായി അവൻ കളം നിറയാൻ തുടങ്ങും. ഏലിയായ്ക്ക് സംഭവിച്ച ദുരന്തമെന്ന് പറയാവുന്നത് അതാണ്. അയാൾ സാവധാനം ദൈവത്തിന്റെ സംരക്ഷകനായി മാറുന്നു. അവിടെയാണ് അയാളുടെ ഭാഷയ്ക്ക് ഭംഗി കുറയുന്നതും, അതിൽ ഹിംസ നിറയുന്നതും.

ഇങ്ങനെയുള്ള മനുഷ്യർ വർദ്ധിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. ദൈവത്തെ സംരക്ഷിക്കാൻ ഇറങ്ങിതിരിച്ച ഇവർ ഇന്ന് സാമൂഹികമാധ്യമങ്ങളിൽ പോർവിളിയും നടത്തുന്നു. തങ്ങൾ ഇല്ലെങ്കിൽ ദൈവവുമില്ലെന്ന് ചിന്തിക്കുന്നവരാണ് ഇക്കൂട്ടർ. അങ്ങനെ ഹിംസ വിളമ്പിയ മനുഷ്യന് മുന്നിലാണ് തമ്പുരാൻ ഒരു മൃദുസ്വരമായി ഇറങ്ങി വരുന്നത്. അതൊരു വെളിപാട് കൂടിയാണ്. കൊടുങ്കാറ്റിലും, ഭൂകമ്പത്തിലും, അഗ്നിയിലുമൊക്കെ ദൈവത്തെ പ്രതീക്ഷിച്ച ഒരു മനുഷ്യന് മുൻപിൽ ഒരു മൃദുസ്വരമായി ദൈവം ഇറങ്ങി വരുന്നു. ദൈവത്തിന് അതുമതി തന്റെ പ്രാഭവം പ്രകടമാക്കാൻ. കാരണം ശൂന്യതയിൽ നിന്നും സകലതും സൃഷ്ടിച്ചവനാണ് ദൈവം. നമ്മൾ ഇന്നും ദൈവനാമത്തിൽ എന്തൊക്കയോ തെളിയിക്കാനുള്ള ശ്രമത്തിലാണ്. അവിടെയാണ് നമ്മിൽ സാക്ഷ്യം അന്യം നിന്നു പോകുന്നത്. കരുണയ്ക്കും സ്നേഹത്തിനും അപ്പുറം ദൈവത്തെ മറ്റെന്തോ ആയി നാം കാണുകയാണ്. ചിലയിടങ്ങളിൽ ആകട്ടെ ദൈവത്തിനു നമ്മെയാണ് ആവശ്യം എന്ന മിഥ്യാ ബോധവും നമ്മെ ഭരിക്കുന്നു.

പത്രോസിന്റെ അബദ്ധവും മറ്റൊന്നല്ല. അയാളും എന്തൊക്കെയോ തെളിയിക്കാനുള്ള ശ്രമത്തിലാണ്. കടലിനു മീതെ നടന്നവന് ഒരു ലക്ഷ്യമുണ്ട്. കാരണം അയാളുടെ ശിഷ്യർ അപകടത്തിലാണ്. എന്നാൽ കർത്താവിനോടൊപ്പം നടക്കാൻ ശ്രമിക്കുന്ന പത്രോസാകട്ടെ തനിക്ക് അതിനു കഴിയുമോ എന്നുള്ള പരീക്ഷണത്തിലും. മറ്റുള്ളവരുടെ ശ്രദ്ധ ക്ഷണിക്കുക എന്ന ഒറ്റ ഉദ്ദേശ്യമേ പത്രോസിന് ഉണ്ടായിരുന്നുള്ളൂ. കാരണം അടിസ്ഥാനപരമായി സ്നേഹമില്ലാത്ത ഒരു പ്രവൃത്തിയാണ് അയാൾ ചെയ്യാൻ ശ്രമിക്കുന്നത്. അയാൾ തന്നിലേക്ക് മാത്രമായി ചുരുങ്ങിക്കൊണ്ട് സകലരുടെയും ശ്രദ്ധ അയാളിലേക്ക് ക്ഷണിക്കുന്നു. തീർച്ചയായും ഒരു ക്രിസ്തുശിഷ്യന്റെ വീഴ്ചയാണിത്.

ഏലിയായോട് ദൈവം ചോദിക്കുന്നുണ്ട്: "നീ ഇവിടെ എന്ത് ചെയ്യുന്നു?" എന്ന്. ഇന്ന് നാം തന്നെ നമ്മോട് ചോദിക്കേണ്ട ചോദ്യമാണ് നമ്മൾ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന്. ദൈവനാമത്തിൽ നമ്മളും പാഴ്‌യുദ്ധങ്ങൾ നടത്തികൊണ്ടിരിക്കുകയാണ്. ദൈവത്തെ സംരക്ഷിക്കാനെന്ന പേരിൽ ചെയ്യുന്നതോ ദൈവ നിന്ദയും. അതിനാൽ ലാളിത്യം നമ്മിൽ വീണ്ടെടുക്കപ്പെടട്ടെ. അവന്റെ കരുണയും, സ്നേഹവും ഘോഷിക്കാനും അത് ജീവിക്കാനും നമുക്ക് കഴിയണം. ശിഷ്യത്വമെന്നത് ഒന്നും തെളിയിക്കാനുള്ള ശ്രമങ്ങളല്ല. അതൊരു സാക്ഷ്യമാണ്. ആ സാക്ഷ്യമാകട്ടെ ദൈവമഹത്വം വിളമ്പുന്ന ഒന്നാകണം. എങ്കിലേ നമ്മുടെ ഭാഷ മറ്റുള്ളവർക്ക് മനസ്സിലാകൂ, അതൊരു പ്രാഘോഷണമാകൂ, അതിൽ സൗഖ്യം ഉണ്ടാകൂ. അതിന് ദൈവം നമ്മെ സഹായിക്കട്ടെ.

**ആമുഖം** പ്രിയമുള്ളവരെ, ഇന്ന് സുവിശേഷഭാഗത്ത് നാം ധ്യാനിക്കുന്നത് രാത്രിയുടെ നാലാം യാമത്തിൽ കാറ്റ് പ്രതികൂലമായി ആഞ്ഞടിച്ചപ്പോൾ വഞ്ചിയിൽ തനിച്ചായിരുന്ന ശിഷ്യരുടെ അടുത്തേയ്ക്ക് വെള്ളത്തിനുമീതെകൂടി നടന്നടുക്കുന്ന യേശുവിനെയും, പത്രോസിന്റെ വിശ്വാസരാഹിത്യത്തെയുമാണ്. യേശുവിന്റെ കണ്ണുകളിൽ നോക്കി ധൈര്യപൂർവ്വം വെള്ളത്തിനുമീതെകൂടി യേശുവിനെ സമീപിച്ച പത്രോസ്, ഒരു നിമിഷം രൗദ്രപൂർണ്ണമായ പ്രകൃതിയുടെ ഭാവ മാറ്റത്തെ ശ്രദ്ധിച്ചപ്പോൾ ഭയന്നു നിലവിളിച്ചു. പലപ്പോഴും നമ്മുടെ ജീവിതമാകുന്ന നൗകയും കാറ്റിലും കോളിലും പെട്ട് ആടിയുലയാറുണ്ട്. അപ്പോൾ "കർത്താവേ, രക്ഷിക്കണെ" എന്ന് ഉച്ചത്തിൽ വിളിക്കാൻ സാധിച്ചാൽ തീർച്ചയായും അവൻ തന്റെ കൈ നീട്ടി നമ്മെ രക്ഷിക്കും. ഈ ഒരു അനുഗ്രഹത്തിനായി പരമ പിതാവിനോട് പ്രാർത്ഥിച്ചുകൊണ്ട് ബലിയർപ്പണത്തിനായി നമുക്കൊരുങ്ങാം.

## ഒന്നാം വായന

### രാജാക്കൻമാരുടെ ഒന്നാം പുസ്തകത്തിൽനിന്ന് (19 : 9a, 11-13a)

*(മലയിൽ കർത്താവിന്റെ സന്നിധിയിൽ നിൽക്കുക)*

അക്കാലത്ത്, ഏലിയാ ഹോറെബ് മലയിലെ ഒരു ഗുഹയിൽ വസിച്ചു. അവിടെവച്ച് കർത്താവിന്റെ സ്വരം അവൻ ശ്രവിച്ചു: നീ ചെന്ന് മലയിൽ കർത്താവിന്റെ സന്നിധിയിൽ നിൽക്കുക, അവിടുന്ന് അരുളിച്ചെയ്തു. കർത്താവു കടന്നുപോയി. അവിടുത്തെ മുൻപിൽ മലകൾ പിളർന്നും പാറകൾ തകർത്തും കൊണ്ടു കൊടുങ്കാറ്റടിച്ചു; കൊടുങ്കാറ്റിൽ കർത്താവില്ലായിരുന്നു. കാറ്റുകഴിഞ്ഞു ഭൂകമ്പമുണ്ടായി. ഭൂകമ്പത്തിലും കർത്താവില്ലായിരുന്നു. ഭൂകമ്പത്തിനുശേഷം അഗ്നിയുണ്ടായി. അഗ്നിയിലും കർത്താവില്ലായിരുന്നു. അഗ്നി അടങ്ങിയപ്പോൾ ഒരു മൃദുസ്വരംകേട്ടു. അപ്പോൾ ഏലിയാ മേലങ്കികൊണ്ടു മുഖം മറച്ചു, പുറത്തേക്കുവന്ന്, ഗുഹാമുഖത്തു നിന്നു.

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

### (85 : 8ab-9, 10-11, 12-13)

### കർത്താവേ, അങ്ങയുടെ കാരുണ്യം ഞങ്ങളിൽ ചൊരിയണമേ!

കർത്താവായ ദൈവം അരുളിച്ചെയ്യുന്നതു ഞാൻ കേൾക്കും; അവിടുന്നു തന്റെ ജനത്തിനു സമാധാനം അരുളും; അവിടുത്തെ ഭയപ്പെടുന്നവർക്കു രക്ഷ സമീപസ്ഥമാണ്; മഹത്വം നമ്മുടെ ദേശത്തു കുടികൊള്ളും.

**കർത്താവേ, അങ്ങയുടെ.......**

കാരുണ്യവും വിശ്വസ്തതയും തമ്മിൽ ആശ്ലേഷിക്കും; നീതിയും സമാധാനവും പരസ്പരം ചുംബിക്കും. ഭൂമിയിൽ വിശ്വസ്തത മുളയെടുക്കും; നീതി ആകാശത്തുനിന്നു ഭൂമിയെ കടാക്ഷിക്കും.

**കർത്താവേ, അങ്ങയുടെ.......**

കർത്താവു നൻമ പ്രദാനം ചെയ്യും; നമ്മുടെ ദേശം സമൃദ്ധമായി വിളവു നൽകും. നീതി അവിടുത്തെ മുൻപിൽ നടന്ന് അവിടുത്തേക്കു വഴിയൊരുക്കും.

**കർത്താവേ, അങ്ങയുടെ.......**

## രണ്ടാം വായന

### വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽനിന്ന് (9 : 1-5)

*(എന്റെ സഹോദരരെപ്രതി ശാപഗ്രസ്തനാകാൻപോലും ഞാൻ ആഗ്രഹിക്കും)*

സഹോദരരേ, ഞാൻ ക്രിസ്തുവിനെ മുൻനിർത്തി സത്യം പറയുന്നു; വ്യാജം പറയുകയല്ല. എന്റെ മനസ്സാക്ഷിയും പരിശുദ്ധാത്മാവിനാൽ പ്രചോദിതമായി എനിക്കു സാക്ഷ്യം നൽകുന്നു. എനിക്കു ദുഃഖവും ഹൃദയത്തിൽ അടങ്ങാത്ത വേദനയുമുണ്ട്. വംശമുറയനുസരിച്ചുതന്നെ എനിക്കുറ്റവരായ സഹോദരങ്ങൾക്ക് ഉപകരിക്കുമെങ്കിൽ ശപിക്കപ്പെട്ടവനും ക്രിസ്തുവിൽനിന്നു വിച്ഛേദിക്കപ്പെട്ടവനുമാകാൻ ഞാൻ ആഗ്രഹിക്കുന്നു. അവർ ഇസ്രായേൽ മക്കളാണ്. പുത്രസ്ഥാനവും മഹത്വവും ഉടമ്പടികളും നിയമത്തിന്റെ അവകാശവും ശുശ്രൂഷയും വാഗ്ദാനങ്ങളും അവരുടേതാണ്. പൂർവപിതാക്കൻമാരും അവരുടേത്; ക്രിസ്തുവും വംശമുറയ്ക്ക് അവരിൽനിന്നുള്ളവൻതന്നെ. അവൻ സർവാധിപനായ ദൈവവും എന്നേക്കും വാഴ്ത്തപ്പെട്ടവനുമാണ്, ആമേൻ.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (Ps. 130 : 5) കർത്താവിനെ ഞാൻ കാത്തിരിക്കുന്നു. അവിടുത്തെ വാഗ്ദാനത്തിൽ ഞാൻ പ്രത്യാശയർപ്പിക്കുന്നു - അല്ലേലൂയാ!

## സുവിശേഷം

### മത്തായിയുടെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (14 : 22-33)

*(ജലത്തിനുമീതേകൂടി അങ്ങയുടെ അടുത്തേക്കു വരാൻ കൽപിക്കുക)*

ജനസഞ്ചയത്തെ പിരിച്ചുവിടുമ്പോഴേക്കും തനിക്കു മുമ്പേ വഞ്ചിയിൽ കയറി മറുകരയ്ക്കു പോകാൻ യേശു ശിഷ്യൻമാരെ നിർബന്ധിച്ചു. അവൻ ജനക്കൂട്ടത്തെ പിരിച്ചുവിട്ടതിനുശേഷം ഏകാന്തതയിൽ പ്രാർഥിക്കാൻ മലയിലേക്കു കയറി. രാത്രിയായപ്പോഴും അവൻ അവിടെ തനിച്ച് ആയിരുന്നു. ഇതിനിടെ വഞ്ചി കരയിൽനിന്ന് ഏറെദൂരം അകന്നു കഴിഞ്ഞിരുന്നു. കാറ്റ് പ്രതികൂലമായിരുന്നതിനാൽ തിരമാലകളിൽപ്പെട്ട് അതു വല്ലാതെ ഉലഞ്ഞു. രാത്രിയുടെ നാലാം യാമത്തിൽ അവൻ കടലിൻമീതേ നടന്ന് അവരുടെ അടുത്തേക്കു ചെന്നു. അവൻ കടലിനുമീതേ നടക്കുന്നതുകണ്ട് ശിഷ്യൻമാർ പരിഭ്രാന്തരായി, ഇതാ, ഭൂതം എന്നുപറഞ്ഞ്, ഭയം നിമിത്തം നിലവിളിച്ചു. ഉടനെ അവൻ അവരോടു സംസാരിച്ചു: ധൈര്യമായിരിക്കുവിൻ, ഞാനാണ്, ഭയപ്പെടേണ്ടാ. പത്രോസ് അവനോടു പറഞ്ഞു: കർത്താവേ, അങ്ങാണെങ്കിൽ ഞാൻ ജലത്തിനുമീതേകൂടി അങ്ങയുടെ അടുത്തേക്കു വരാൻ കൽപിക്കുക. വരൂ, അവൻ പറഞ്ഞു. പത്രോസ് വഞ്ചിയിൽ നിന്നിറങ്ങി വെള്ളത്തിനുമുകളിലൂടെ യേശുവിൻെറ അടുത്തേക്കു നടന്നു ചെന്നു. എന്നാൽ, കാറ്റ് ആഞ്ഞടിക്കുന്നതുകണ്ട് അവൻ ഭയന്നു. ജലത്തിൽ മുങ്ങിത്താഴാൻ തുടങ്ങിയപ്പോൾ അവൻ നിലവിളിച്ചുപറഞ്ഞു: കർത്താവേ, രക്ഷിക്കണേ! ഉടനെ യേശു കൈനീട്ടി അവനെ പിടിച്ചുകൊണ്ടു പറഞ്ഞു: അൽപ വിശ്വാസീ, നീ സംശയിച്ചതെന്ത്? അവർ വഞ്ചിയിൽ കയറിയപ്പോൾ കാറ്റു ശമിച്ചു. വഞ്ചിയിലുണ്ടായിരുന്നവർ അവനെ ആരാധിച്ചുകൊണ്ട് സത്യമായും നീ ദൈവപുത്രനാണ് എന്നു പറഞ്ഞു.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമ്മികൻ** : പ്രിയ സഹോദരരെ, ഏത് പ്രതികൂലാവസ്ഥയെയും അനുകൂലമാക്കി മാറ്റാൻ കഴിയുന്ന സർവ്വശക്തനായ ദൈവത്തിന്റെ മുമ്പിൽ വിശ്വാസപൂർവ്വം നമ്മുടെ എളിയ പ്രാർത്ഥനകളും യാചനകളും സമർപ്പിക്കാം.

1. സ്നേഹ പിതാവേ, പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയെയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനെയും, മറ്റെല്ലാ സഭാപാലകരെയും അങ്ങെ ആത്മാവിന്റെ നിറവിനായി സമർപ്പിക്കുന്നു. പ്രതിസന്ധികളിൽ ആകുലപ്പെടാതെ, വിശ്വാസത്തോടും വിശുദ്ധിയോടും കൂടി അങ്ങെ സഭയെ നയിക്കാൻ വേണ്ട ആത്മീയ കൃപാവരങ്ങളാൽ ഇവരെ ശക്തിപ്പെടുത്തണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. കാരുണ്യവാനായ ദൈവമേ, അങ്ങെ കരുണയിൽ ആശ്രയിച്ച് ജീവിക്കുന്ന ഞങ്ങളെ നീ തൃക്കൺപാർക്കണമെ. ജീവിതത്തിലെ പ്രയാസങ്ങളും, ആകുലതകളും ഞങ്ങളെ തളർത്തുമ്പോൾ, അങ്ങാകുന്ന സത്യത്തിൽ പൂർണ്ണ വിശ്വാസമർപ്പിച്ചുകൊണ്ട് ജീവിത പ്രതിസന്ധികളെ സമചിത്തതയോടെ നേരിടുവാനും, അതിജീവിക്കുവാനുമുള്ള കൃപ ഞങ്ങൾക്ക് നൽകണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. ത്രിയേക ദൈവമേ, മണിപ്പൂരിൽ പീഢനത്തിന് ഇരയാകുന്നവരെയും, യുക്രെയ്ൻ - റഷ്യ യുദ്ധം മൂലം യാതന അനുഭവിക്കുന്നവരെയും സമർപ്പിക്കുന്നു. അവരുടെ വേദനകളിൽ അങ്ങ് അവർക്ക് ആശ്വാസമേകണമെന്നും, കലാപവും യുദ്ധവും നീക്കി ലോകം മുഴുവൻ അങ്ങെ ശാന്തിയും, സമാധാനവും സംജാതമാക്കണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. ദൈവമേ, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് സകലതും നന്മയ്ക്കായി അങ്ങ് നൽകുന്നുവല്ലോ. ഞങ്ങളുടെ യുവതീയുവാക്കൾ തങ്ങളുടെ ജീവിത ലക്ഷ്യം തിരിച്ചറിഞ്ഞ്, അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാനും, അവരിൽ നിന്നും വിശുദ്ധമായ ദൈവവിളികൾ ധാരാളമായി ഉണ്ടാകുവാനും ഇടയാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. ഉത്ഥിതനായ ദൈവമേ, മരണം മൂലം ഞങ്ങളിൽ നിന്നും വേർപിരിഞ്ഞ ഞങ്ങളുടെ പ്രിയപ്പെട്ടവരുടെയും, ശുദ്ധീകരണസ്ഥലത്തെ ആത്മാക്കളുടെയുംമേൽ കരുണായായിരിക്കണമെ. അവർ ഈ ഭൂമിയിൽ ആയിരുന്നപ്പോൾ ചെയ്തുപോയ പാപങ്ങളെല്ലാം പൊറുത്ത്, നിത്യസൗഭാഗ്യത്തിന് അർഹരാക്കണമെന്നും, ആസന്നമരണരായവർക്ക് തങ്ങളുടെ പാപങ്ങളെക്കുറിച്ചോർത്ത് മനസ്തപിക്കാനുള്ള കൃപ നൽകണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ** : സർവ്വശക്തനായ ദൈവമേ, അങ്ങയിൽ പൂർണ്ണമായി ആശ്രയിച്ചുകൊണ്ട് ജീവിത പ്രതിസന്ധികളെ സധൈര്യം നേരിടുവാൻ ഞങ്ങളെ ശക്തരാക്കണമെ.

ഞങ്ങളുടെ കർത്താവായ ........

തയ്യാറാക്കിയത് : സി. മേരി കെ. വി. ASA

ഗാനങ്ങൾക്ക് (You Tube: Verbum Domini Songs)

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

## പ്രവേശന ഗാനം

മണി മുഴങ്ങുന്നു തിരി തെളിയുന്നു
ദിവ്യപൂജയണയ്ക്കുവാൻ ഒന്നുചേർന്നിടാം
മനസ്സു മുഴുവനുമീ സന്നിധേ നൽകാം
പൂർണ്ണമായി പങ്കുചേരാം ഈ ബലിയിൽ

വന്നിടൂ ജനമേ... വന്നിടൂ വേഗം...
ദിവ്യപൂജയണയ്ക്കുവാൻ വന്നിടൂ ജനമേ... (2)

ദൈവം നൽകിയതാം നന്മകളോർക്കാം
നന്ദിയോടീ സന്നിധിയിൽ നിന്നു പ്രാർത്ഥിക്കാം (2)
ചെയ്ത പിഴവുകളോർത്തോർത്തു ഹൃദയത്തിൽ
മാപ്പിരന്നു ബലിയർപ്പിച്ചിടാനൊരുങ്ങാം (2)
(വന്നിടൂ.....)

## കാഴ്ചവയ്പ് ഗാനം

ഈ യാഗവേദിയിൽ
നൽകുന്നു ദൈവമെ
കാഴ്ചയായ് ഞാൻ ഇന്നു നൽകാം
നന്ദി നിറഞ്ഞൊരെൻ മാനസം (2)

നൽകുന്നു ഞാനെന്റെ ദൈവമെ
ഹൃദയം നിറഞ്ഞുള്ള കാഴ്ചയെ
കൈനീട്ടി സ്വീകരിക്കേണമെ
ആത്മാവിൽ നിന്നുയരും സ്തുതികളും (2)

ഓർക്കുമ്പോൾ വിലപിക്കാൻ ഏറെയുണ്ട്
മിഴിനീരൊഴുക്കുവാൻ ഏറെയുണ്ട് (2)
അവിടുത്തെ പീഢാസഹനത്തോട്
തുലനം ചെയ്യുമ്പോൾ അതൊന്നുമല്ല (2)
എന്റെ കഷ്ടങ്ങൾ നിസ്സാരമല്ലേ (നൽകുന്നു.....)

## ദിവ്യകാരുണ്യ ഗാനം

അവിശ്വാസിയാകാതെ മകനെ
വിശ്വാസിയായ് വേഗം അണയൂ
അടയാളം തേടാതെ വന്നാൽ
വിശ്വാസ വഴി ഞാൻ തെളിക്കാം
(അവിശ്വാസി.....)

കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ
വൻ മലയെ ദൂരത്തകറ്റാം (2)
അനുദിന ക്ലേശങ്ങളാം പർവ്വതങ്ങളെ
വിശ്വാസ നിറവാൽ ജയിക്കാം (2)
അസാധ്യമായൊന്നും ഇല്ല
(അവിശ്വാസി.....)

കാണപ്പെടാത്തവ കൺമുമ്പിലെന്നപോൽ
വിശ്വാസ ദൃഷ്ടിയാൽ കാണാൻ (2)
പ്രത്യാശയോടെ കാത്തിരുന്നീടുകിൽ
ഉത്തരം നൽകീടും ദൈവം (2)
പ്രാർത്ഥന കേട്ടിടും തീർച്ച
(അവിശ്വാസി.....)

| Aug. | വിശുദ്ധർ | വായനകൾ |
|---|---|---|
| 14 Mon | St. Maximilian Kolbe | Dt 10: 12-22/ Ps 147: 12-13. 14-15. 19-20/ Mt 17: 22-27 |
| 15 Tue | St. Alipius | Rv 11: 19a; 12: 1-6a. 10ab/ Ps 45: 9b. 10. 11ab. 15/ 1 Cor 15: 20-26/ Lk 1: 39-56 |
| 16 Wed | St. Stephen of Hungary | Dt 34: 1-12/ Ps 66: 1-3a. 5 and 16-17/ Mt 18: 15-20 |
| 17 Thu | St. Clare of Montefalco | Josh 3: 7-10a. 11. 13-17/ Ps 113: 1-2. 3-4. 5-6/ Mt 18: 21 -- 19: 1 |
| 18 Fri | St. Helena | Josh 24: 1-13/ Ps 136: 1. 2. 3. 16-18. 21-22 and 24/ Mt 19: 3-12 |
| 19 Sat | St. John Eudes | Josh 24: 14-29/ Ps 16: 1-2a and 5. 7-8. 11/ Mt 19: 13-15 |




Sunday
വെർബും ദോമിനിയുടെ
പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം
താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ

Radio Maria Association
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor


Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.